പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6116 | 07.07.2014- ൽ മറുപടിക്ക്

അനാഥാലയങ്ങളുടെ പ്രവർത്തനം

ചോദ്യം
ശ്രീമതി. ഇ.എസ്. ബിജിമോൾ

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | |
|---|---|
| സംസ്ഥാനത്തിന് പുറത്തു നിന്ന് കുട്ടികളെ അനാഥാലയങ്ങളിൽ പ്രവേശിപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | 22.06.2013 ലെ സർക്കാർ ഉത്തരവ് സ.ഉ(പി) നം. 52/13/സാനീവ പ്രകാരം സംസ്ഥാനത്തിനു പുറത്തു നിന്നു കുട്ടികളെ കൊണ്ടുവരാൻ ആഗ്രഹിക്കുന്ന അംഗീകൃത സ്ഥാപനങ്ങൾ കുട്ടികളുടെ ലിസ്റ്റും തിരിച്ചറിയൽ രേഖകളും ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ ശുപാർശ സഹിതം ഓർഫനേജ് കൺട്രോൾ ബോർഡിൽ സമർപ്പിച്ച് ബോർഡിന്റെ അനുമതി വാങ്ങിയിരിക്കണം എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം കുട്ടികളുടെ പരിപാലനത്തിനുള്ള മുഴുവൻ ചെലവും ബന്ധപ്പെട്ട സ്ഥാപനം വഹിക്കേണ്ടതാണ്. സംസ്ഥാന സർക്കാരിന്റെ യാതൊരു ഗ്രാന്റിനും ടി കുട്ടികൾക്ക് അർഹതയുണ്ടായിരിക്കില്ല. |

സെക്ഷൻ ഓഫീസർ